കൂടിക്കാഴ്ചകളും ചർച്ചകളും നടത്തിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ പുതുക്കിയ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ് താലൂക്കുകളിലെ 8847 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം എത്തിക്കാനാകും. കുടിവെള്ളക്ഷാമ പരിഹാരത്തിനായി 30 ദശലക്ഷം ഘനമീറ്റർ ജലവും 8.8 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ഈ പദ്ധതിയിലൂടെ പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ സാധിക്കും. പദ്ധതിയുടെ പുതുക്കിയ അടങ്കൽ തുക 370.40 കോടി രൂപയാണ്. 5-2-2000-ൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ചേമ്പറിൽ വച്ചുകൂടിയ ഉന്നതതല ചർച്ചയിൽ ഈ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ ഒരു അംഗീകൃത ഏജൻസിയെക്കൊണ്ട് പഠനം നടത്തി നബാർഡ് പോലുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നും ധനസഹായം ലഭിക്കത്തക്കവിധം പുതുക്കണമെന്നും അതിനുവേണ്ടി ആവശ്യമായ പഠനറിപ്പോർട്ടിന്റെ ചെലവ് അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തന്നെ വകയിരുത്തേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(23) ഭാരതപ്പുഴയിലേയ്ക്ക് വെള്ളം തുറന്നുവിടൽ

<u>ശ്രീ. വി. കെ. ചന്ദ്രൻ:</u> സർ, പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖലകളിലും മലപ്പുറം ജില്ലയുടെ ഏതാനു പ്രദേശത്തും അതിരൂക്ഷമായ വരൾച്ച നേരിടുകയാണ്. തുലാവർഷം കുറഞ്ഞുപോയതുകൊണ്ട് കൃഷിക്കും കുടിവെള്ളത്തിനും ജനങ്ങൾ വളരെ പ്രയാസം അനുഭവിക്കുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി മലമ്പുഴയിൽനിന്നോ, ചിറ്റൂർപ്പുഴയിൽനിന്നോ ഭാരതപ്പുഴയിലേക്ക് വെള്ളം തുറന്നുവിട്ട് ഈ പ്രേദേശത്തെ രക്ഷിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള)</u> : സർ, ഇന്നലെ മലമ്പുഴ റിസർവോയറിലെ ജലനിരപ്പ് 101.81 മീറ്റർ
1 P.M.] ആയിരുന്നു. ഇതിന്റെ സ്റ്റോറേജ് 26 മില്യൻ ക്യൂബിക് മീറ്റർ വരും. മലമ്പുഴ റിസർവോയറിലെ ജലം മത്സ്യസമ്പത്തിന്റെ ഭാഗമായിട്ട് നഷ്ടപ്പെടുത്തിയിട്ടാണെങ്കിൽപ്പോലും അടിയന്തിരഘട്ടങ്ങളിൽ വരൾച്ചയെ നേരിടുന്നതിന് ഭാരതപ്പുഴയിലേക്ക് തുറന്നുവിടാറുണ്ട്. ഈ സീസണിൽ പരമാവധി 5 മില്യൻ ക്യൂബിക് മീറ്റർ വെള്ളം ഭാരതപ്പുഴയിലേയ്ക്ക് തുറന്നുവിടാൻ കഴിയും. ചിറ്റൂർപ്പുഴ പ്രോജക്ടിലേയ്ക്ക് കേരള സർക്കാർ ആവശ്യപ്പെട്ട പ്രകാരം തമിഴ്നാട് സർക്കാർ അധികമായി അനുവദിച്ച ഒരു ടി.എം.സി. വെള്ളം മാർച്ച് 15 കഴിയുമ്പോൾ പൂർണ്ണമായും ഉപയോഗിച്ച് തീരുന്നതാണ്. ഈ സീസണിൽ ചിറ്റൂർ പുഴയിൽനിന്നും ഭാരതപ്പുഴയിലേയ്ക്ക് കൂടുതൽ വെള്ളം ലഭ്യമാക്കാൻ കുറച്ച് പ്രയാസമുണ്ടെങ്കിലും പരമാവധി ശ്രമം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly